Intellect Thought Submission

MSM

mujahid students movement

KERALA

ENLIGHTENING GENERATIONS

CRE

CONTINUING RELIGIOUS EDUCATION

MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 01

**JUNE 15, 2025**

## Segment 1

# സൂറത്തുന്നാസ്

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلْ أَعُوذُ بِرَبِّ ٱلنَّاسِ ﴿١﴾

114:1 **പറയുക: മനുഷ്യരുടെ റബ്ബിനോടു ഞാൻ ശരണം തേടുന്നു;-**

قُلْ പറയുക أَعُوذُ ഞാൻ ശരണം(രക്ഷ-അഭയം) തേടുന്നു بِرَبِّ النَّاسِ മനുഷ്യരുടെ രക്ഷിതാവിനോടു.

مَلِكِ ٱلنَّاسِ ﴿٢﴾

114:2 **(അതെ) മനുഷ്യരുടെ രാജാധിപതിയായ,-**

مَلِكِ النَّاسِ മനുഷ്യരുടെ രാജാവായ

إِلَـٰهِ ٱلنَّاسِ ﴿٣﴾

114:3 **മനുഷ്യരുടെ ആരാധ്യനായ (റബ്ബിനോടു),-**

إِلَٰهِ النَّاسِ മനുഷ്യരുടെ ഇലാഹായ (ആരാധ്യനായ).

مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ﴿٤﴾

114:4 **(ദുർബോധനം നടത്തി) പിൻമാറിക്കളയുന്നവന്റെ ദുർമന്ത്രത്തിന്റെ കെടുതിയിൽനിന്നു;**

مِن شَرِّ കെടുതലിൽ (ദോഷത്തിൽ-തിൻമയിൽ) നിന്നു الْوَسْوَاسِ ദുർമന്ത്രത്തിൻറെ الْخَنَّاسِ പിൻമാറിക്കളയുന്ന (ഒളിഞ്ഞുപോകുന്ന)വന്റെ

ٱلَّذِى يُوَسْوِسُ فِى صُدُورِ ٱلنَّاسِ ﴿٥﴾

114:5 **അതായതു, മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർമന്ത്രം നടത്തുന്നവൻ,-**

الَّذِي يُوَسْوِسُ ദുർമന്ത്രം നടത്തുന്നവൻ فِي صُدُورِ നെഞ്ഞു (ഹൃദയം) കളിൽ النَّاسِ മനുഷ്യരുടെ

مِنَ ٱلْجِنَّةِ وَٱلنَّاسِ ﴿٦﴾

114:6 **ജിന്നുകളിൽനിന്നും; മനുഷ്യരിൽ നിന്നും (ദുർമന്ത്രം നടത്തുന്നവൻ).**

مِنَ الْجِنَّةِ ജിന്നുകളിൽ നിന്നു وَالنَّاسِ മനുഷ്യരിൽനിന്നും.

# തജ്‌വീദ്

**ശദ്ദുള്ള നൂനിന്റേയും മീമിന്റെയും നിയമം:**

**രണ്ടക്ഷരത്തിന്റെ തോതിൽ മണിച്ച് (الغُنَّة) ഓതണം.**

*(സൂറത്തുന്നാസിൽ **ശദ്ദുള്ള നൂൻ** വരുന്ന ഭാഗങ്ങൾ വിദ്യാർത്ഥികളെക്കൊണ്ട് ഓതിപ്പിക്കുക.)*

മറ്റു ഉദാഹരണങ്ങൾ:

1) عَمَّ يَتَسَآءَلُونَ

2) عَنِ ٱلنَّبَإِ ٱلْعَظِيمِ

**Segment 2**

Camproot
a moral compass...

# എന്തുകൊണ്ട് ഇസ്‌ലാം ?

Objectives

1. മനുഷ്യരാശിയുടെ പുരോഗതിക്ക് ധാർമികത അനിവാര്യമാണ് എന്ന് മനസ്സിലാക്കൽ.
2. മനുഷ്യന് നന്മ തിന്മകളെ വ്യവച്ഛേദിച്ചറിയാനുള്ള മാർഗം ദൈവിക സന്ദേശങ്ങളാണ് എന്ന് ബോധ്യപ്പെടൽ.
3. മുഴുവൻ മനുഷ്യർക്കും മാർഗദർശനമായി നൽകപ്പെട്ട ദൈവികമതം ഇസ്‌ലാമാണ് എന്ന് ഉൾകൊള്ളൽ.

---

🔻ലോകത്തെ ഓരോ രാജ്യത്തിനും പ്രത്യേകമായ ഭരണഘടനകളുണ്ട്, സിവിൽ, ക്രിമിനൽ നിയമങ്ങളുണ്ട്.

**എന്തിനാണ് ഈ നിയമങ്ങൾ ?**

🔻പോലീസ് സ്റ്റേഷൻ, കോടതി, ജയിൽ

**ഈ സ്ഥാപനങ്ങളൊക്കെ എന്തിനാണ്?**

🔻 **ഇതെല്ലാമുണ്ടായിട്ടും മനുഷ്യന്മാരുടെ സ്ഥിതി എന്താണ്?**

a) സഹപാഠിയെ വിദ്യാർത്ഥികൾ ചേർന്ന് കൊലപ്പെടുത്തി

b) പ്രണയത്തിൽ നിന്ന് രക്ഷപ്പെടാൻ കാമുകന് വിഷം കൊടുത്ത് കൊന്നു.

c) കിടപ്പിലായ മാതാവിനെ മകൻ വെട്ടിക്കൊന്നു

d) സഹോദരനെയടക്കം 5 പേരെ തലക്കടിച്ച് കൊന്നു

e) ഭാര്യയെ ഭർത്താവ് വെട്ടിക്കൊന്നു

🔻 **നിയമങ്ങളും നിയമപാലകരും സംവിധാനങ്ങളുമൊന്നും ഇല്ലാതിരുന്നിട്ടും മൃഗങ്ങളുടെ ലോകത്ത്....**

a) ചതിയും വഞ്ചനയും ഇല്ല

b) ബലാൽസംഗം ഇല്ല

c) ആത്മഹത്യയില്ല

d) കലാപങ്ങളില്ല

e) കൊള്ളയില്ല

- കുടുംബ കലഹം: മീൻ കരയിലേക്ക് ചാടി ആത്മഹത്യചെയ്തു.
- ബാങ്ക് കവർച്ച: കുതിരയെ റിമാൻഡ് ചെയ്തു.
- പോത്ത് എരുമയെ വെട്ടിക്കൊന്നു.

**🔺 ഇങ്ങനെ ഒക്കെ കേട്ടാൽ ആരെങ്കിലും വിശ്വസിക്കുമോ?!**

- **എന്തു കൊണ്ടാണ് മനുഷ്യർക്കിടയിൽ മാത്രം ഇങ്ങനെ...?**
- **പടച്ചവൻ മനുഷ്യർക്ക് നൽകിയ ഒരു സവിശേഷത :**

**തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം - اِخْتِيار**

★ നന്മ ചെയ്ത് മലക്കുകളെക്കാൾ ശ്രേഷ്ഠനാകാനും ഏറ്റവും ഹീനമായ തിന്മകൾ കൊണ്ട് മൃഗങ്ങളെക്കാൾ അധമരാകാനും മനുഷ്യന് കഴിയും.

. [Surah Al-Insan 76: 3] إِنَّا هَدَيْنَٰهُ ٱلسَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു."

അപ്പൊൾ മനുഷ്യർക്ക് പ്രത്യേകം നിയമങ്ങൾ ആവശ്യമാണ്. ശരി തെറ്റുകൾ വിവേചിക്കൽ അനിവാര്യമാണ്.

**'ആരാണ് നന്മയും തിന്മയും തീരുമാനിക്കേണ്ടത്..?**

- **'ശരി തെറ്റുകൾ തീരുമാനിക്കുന്നത് മനുഷ്യർ തന്നെയാണെങ്കിൽ !'**

🔻 സ്ത്രീധനം

- സ്ത്രീധനത്തെ അനുകൂലിക്കുകയും ഇപ്പോഴും വാങ്ങുകയും ചെയ്യുന്ന ഒരുപാട് പേരുണ്ട്.
- സ്ത്രീധനം അക്രമമാണെന്നും അത് പാടില്ല എന്നും മറ്റൊരു കൂട്ടർ

🔻ദയാവധം

- പ്രായം ചെന്നവരെയും രോഗികളെയും പരിചരിക്കുന്നവർക്ക് ബുദ്ധിമുട്ട് ഒഴിവാക്കാൻ അവരെ പ്രത്യേക രീതിയിൽ കൊന്നു കളയാമെന്ന് കരുതുന്നവർ.
- അത് കുറ്റകരമാണ്; കൊലപാതകം തന്നെയാണ് എന്ന് മറ്റൊരു വിഭാഗം..

🔻 ഭ്രൂണഹത്യ

- ഭ്രൂണഹത്യ തെറ്റല്ല എന്നും ഭൂമിയിൽ പിറക്കുമ്പോൾ മാത്രമേ അവർക്ക് അവകാശങ്ങൾ ഉണ്ടാകുന്നുള്ളൂ എന്നും ഒരു വിഭാഗം.
- ജീവൻ ഉണ്ടായിക്കഴിയുന്നതോടെ ഗർഭസ്ഥ ശിശുവിനും അവകാശങ്ങൾ ഉണ്ട് എന്നും അതിനെ കൊല്ലൽ പാപമാണെന്നും മറ്റൊരു കൂട്ടർ.

🔺 ലോട്ടറി, മദ്യപാനം, പലിശ   ...etc.

നന്മയോ തിന്മയോ..? ആര് പറയുന്നതാണ് ശരി എന്ന് എങ്ങനെ നിശ്ചയിക്കും?

**1) യുക്തി?**

ഓരോ മനുഷ്യരും തങ്ങളുടെ യുക്തി ഉപയോഗിച്ച് എത്തിച്ചേർന്ന നിഗമനങ്ങൾ ആണ് നേരത്തെ കണ്ടത്. ഓരോരുത്തർക്കും വ്യത്യസ്ത ഉത്തരങ്ങൾ. ഓരോ ന്യായീകരണങ്ങൾ. ഏറ്റവും വലിയ അക്രമിക്ക് പോലും അയാളുടെ യുക്തിയിൽ താൻ ചെയ്യുന്നത് ശരിയായേക്കും. നന്മയും തിന്മയും വേർതിരിക്കാൻ അത് മതിയാവില്ലല്ലോ...

**2) കാലത്തിന്** അനുസരിച്ച് മനുഷ്യൻ നന്മയും തിന്മയും മനസ്സിലാക്കാൻ പഠിക്കുന്നു എന്ന് പറയാറുണ്ട് ചിലർ.

സതി പോലുള്ളവ അവർ ഉദാഹരണമായി പറയും. സതി അന്ന് നന്മ ആയിരുന്നു, പിന്നീട് നമ്മൾ അത് തിന്മയായി മനസിലാക്കിയത്രെ...

അത്തരക്കാർ സതി ഉള്ള കാലത്ത് ജീവിച്ചിരുന്നു എങ്കിൽ സതിക്ക് വേണ്ടി മുന്നിൽ നിൽക്കുന്നവർ അവരായിരിക്കും എന്ന് അവർ തന്നെ പറയും. യഥാർത്ഥത്തിൽ സതി ഇല്ലാതായത് എങ്ങിനെ ആണ്? സതി തിന്മയാണ്, കുറ്റകൃത്യമാണ് എന്ന് നിലപാടുള്ള ചിലർ അതിനെ എതിർക്കാൻ ഉണ്ടായത് കൊണ്ടാണ്. സതി നടമാടിയിരുന്ന കാലഘട്ടത്തിലും, അത് തിന്മയായി പരിഗണിക്കുന്ന ഇസ്‌ലാം അടക്കമുള്ള ദർശനങ്ങൾ ഇവിടെ ഉണ്ടായിരുന്നു എന്നതും ഈ വാദത്തിന്റെ മുനയൊടിക്കുന്നു.

**3) ഭരണഘടന?**

ഭരണഘടനയും മനുഷ്യർ ഉണ്ടാക്കുന്നതാണ്. അപ്പൊൾ ഒരു സ്വേച്ഛാധിപത്യ രാജ്യത്തിലെ ക്രൂരനായ ഭരണാധികാരി നിർമിക്കുന്ന ഭരണഘടനയും ശരിയാണ് എന്ന് വരും.

ജനാധിപത്യ രാജ്യങ്ങളിലെ ഭരണഘടന തന്നെ എടുത്താൽ ഭൂരിപക്ഷം തീരുമാനിച്ചാൽ മാറ്റാവുന്നതാണ് അതിലെ നിയമങ്ങൾ. ന്യൂനപക്ഷത്തിന് എതിരായ രീതിയിൽ ഭരണഘടന രൂപപ്പെട്ടാൽ അതും അംഗീകരിക്കേണ്ടി വരും.

- ❖ മുകളിൽ പറഞ്ഞ സന്ദർഭങ്ങളിൽ ഒക്കെ നന്മതിന്മകൾ വ്യക്തിനിഷ്ഠമാണ് (Subjective). അഥവാ വ്യക്തികൾക്കനുസരിച്ച് മാറ്റം വരുന്നതാണ്.
- ❖ വസ്തുനിഷ്ഠമായ (Objective ആയ) ധാർമികത കൊണ്ട് മാത്രമേ നന്മ തിന്മകളെ കൃത്യമായി വ്യവഛേദിക്കാൻ കഴിയുകയുള്ളൂ.

**ആത്യന്തികമായി ഇതാണ് നന്മയെന്നും, ഇതാണ് തിന്മയെന്നും വേർതിരിക്കാൻ കഴിയുക മനുഷ്യരെ സൃഷ്ടിച്ച, മനുഷ്യന് ചിന്തിക്കാനുള്ള കഴിവ് നൽകിയ സ്രഷ്ടാവിന് മാത്രമാണ്.**

നമ്മെ പടച്ചവനാണ് നന്മയെയും തിന്മയെയും നമുക്ക് അറിയിച്ചു തരേണ്ടത്. മനുഷ്യന്റെ കഴിവുകളെയും അവന്റെ ബലഹീനതകളെയും കുറിച്ച് കൃത്യമായി അറിയുന്ന അല്ലാഹുവിന് മാത്രമേ മനുഷ്യജീവിതത്തിന് മാർഗദർശനം നൽകുവാനാകൂ.

★ നമ്മുടെ ജീവിതം അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ആവുന്നതിന് അവൻ നമുക്ക് നൽകിയ മതമാണ് ഇസ്‌ലാം.

{ إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلۡإِسۡلَٰمُۗ

[Surah Āli-ʿImrān 3: 19]

“തീർച്ചയായും, അല്ലാഹുവിന്റെ അടുക്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു.”

- ❖ ലോകത്ത് വന്ന പ്രവാചകന്മാർ മുഴുവനും പ്രബോധനം ചെയ്ത മതം
- ❖ **ഇസ്‌ലാം : അല്ലാഹുവിനുള്ള സമ്പൂർണമായ സമർപ്പണം**

★ ഇസ്‌ലാം ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുന്നു.

{ إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ وَيُبَشِّرُ ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ ٱلصَّٰلِحَٰتِ أَنَّ لَهُمْ أَجْرًا كَبِيرًا }

[Surah Al-Isrāʾ 17: 9]

“തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.”

ഇസ്‌ലാം നൽകുന്ന ഓരോ നിയമങ്ങളും മനുഷ്യന് അനുഗുണമാണ് . അല്ലാഹു നന്മയായി പഠിപ്പിച്ച ഒരു കാര്യവും മാനവ വിരുദ്ധമാണ് എന്ന് സ്ഥാപിക്കാൻ ആർക്കും സാധിക്കുകയില്ല. ഇസ്‌ലാം തിന്മയായി പഠിപ്പിച്ച ഒന്നുപോലും മനുഷ്യന് അത്യന്താപേക്ഷിതമാണെന്നോ അതില്ലാതെ മനുഷ്യ ജീവിതം പൂർണമാകില്ലെന്നോ എന്ന് സ്ഥാപിക്കാനും ഒരാൾക്കും കഴിയില്ല.

ഉദാ :- **1. ലഹരി**

(ലഹരി കൊണ്ടുണ്ടാകുന്ന വിപത്തിന് സമൂഹം മുഴുവൻ പരിഹാരം തിരയുന്നു.)

**2. പലിശ**

(ദരിദ്രരെ വീണ്ടും ദാരിദ്ര്യത്തിലേക്ക് തള്ളി വിടുന്നു)

ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ധാർമികത സമ്പൂർണവും മനുഷ്യ സമൂഹത്തിന്റെ ഏറ്റവും മികച്ച പുരോഗതിയെ സാധ്യമാക്കുന്നതുമാണ് എന്നതാണ് വസ്തുത.

- ❖ ആ ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങൾ സംശയങ്ങൾ തീർത്ത് ദൃഢബോധ്യത്തോടെ പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുകയാണ് നമ്മൾ CRE യിലൂടെ, ഇൻ ശാ അല്ലാഹ്.

★ **ഇസ്‌ലാമിന്റെ അടിസ്ഥാന പാഠങ്ങൾ പരിചയപ്പെടുത്തുന്ന ഒരു ഹദീസ് ഉണ്ട്.**

https://youtu.be/eb6rzm3NAns?si=dncXl-IeqchltSSM

ഉമർ (റ) പറയുന്നു: പ്രവാചകനോടൊത്ത് ഞങ്ങൾ ഒരു ദിവസം ഇരിക്കവെ, തനിവെള്ള വസ്ത്രം ധരിച്ച് കറുത്തിരുണ്ട മുടികളുള്ള ഒരാൾ പ്രത്യക്ഷപ്പെട്ടു. ഞങ്ങളിൽ ആർക്കും തന്നെ അദ്ദേഹത്തെ പരിചയമില്ല. മാത്രമല്ല അദ്ദേഹത്തിൽ യാത്രയുടെ ഒരു ലക്ഷണവുമില്ല. അങ്ങിനെ അദ്ദേഹം തന്റെ കാൽമുട്ടുകൾ പ്രവാചകന്റെ കാൽമുട്ടിനോട് ചേർത്ത് കൈകൾ തുടയിൽ വെച്ച് പ്രവാചകന്റെയടുത്തിരുന്ന് ചോദിച്ചു. "അല്ലയോ മുഹമ്മദേ, ഇസ്‌ലാമെന്താണെന്ന് പറഞ്ഞു തരൂ? അപ്പോൾ പ്രവാചക തിരുമേനി (സ) പറഞ്ഞു: ഇസ്‌ലാമെന്നാൽ "അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദ് നബി(സ്വ) അവന്റെ പ്രവാചകനാണെന്നും നീ സാക്ഷ്യപ്പെടുത്തലും, നമസ്കാരം നിലനിർത്തലും, നിർബ്ബന്ധദാനമായി സകാത്ത് കൊടുക്കലും, റമളാൻ മാസത്തിൽ വ്രതമനുഷ്ഠിക്കലും, കഴിയുമെങ്കിൽ മക്കയിൽ പോയി പരിശുദ്ധ ഹജ്ജ് കർമ്മം ചെയ്യലുമാകുന്നു".

അപ്പോൾ അദ്ദേഹം പറഞ്ഞു: താങ്കൾ സത്യം പറഞ്ഞു.

അദ്ദേഹം ചോദിക്കുകയും സത്യപ്പെടുത്തുകയും ചെയ്തത് കണ്ടപ്പോൾ ഞങ്ങൾക്ക് അത്ഭുതമായിയെന്ന് സ്വഹാബികൾ പറഞ്ഞു.

ഈമാനെന്താണെന്ന് അറിയിച്ച് തന്നാലും എന്ന് അദ്ദേഹം വീണ്ടും നബിയോട് ആവശ്യപ്പെട്ടു. അപ്പോൾ പ്രവാചകൻ (സ്വ) പറഞ്ഞു: വിശ്വാസം എന്നാൽ അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ പ്രവാചകന്മാരിലും, അവസാനനാളിലും, വിധിനിർണ്ണയത്തിലും (അത് നല്ലതായാലും, ചീത്തയായിരുന്നാലും) വിശ്വസിക്കലാകുന്നു.

അദ്ദേഹം പറഞ്ഞു: താങ്കൾ സത്യം പറഞ്ഞു. ഇഹ്സാൻ (നന്മ) എന്താണെന്ന് അറിയിച്ച് തന്നാലും. പ്രവാചകൻ പറഞ്ഞു: അല്ലാഹുവിനെ കാണുന്നത് പോലെ നീ അവനെ ആരാധിക്കുക. നിനക്ക് അല്ലാഹുവിനെ കാണാൻ സാധ്യമല്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.

അദ്ദേഹം പറഞ്ഞു: അവസാന നാളിനെ കുറിച്ച് അറിയിച്ച് തരിക. പ്രവാചകൻ പറഞ്ഞു: ചോദിക്കപ്പെട്ടവൻ ചോദിച്ചവനേക്കാൾ ഈ കാര്യത്തിൽ അറിവുള്ളവനല്ല.

എന്നാൽ അതിന്റെ അടയാളത്തെപ്പറ്റി അറിയിച്ച് തന്നാലുമെന്നദ്ദേഹം പറഞ്ഞു. പ്രവാചകൻ പറഞ്ഞു: അടിമ സ്ത്രീ തന്റെ യജമാനത്തിയെ പ്രസവിക്കലാകുന്നു, നഗ്ന പാദകരും ആട്ടിടയന്മാരും പാവപ്പെട്ടവരും കെട്ടിടങ്ങളിൽ പരസ്പരം മത്സരിക്കുക എന്നിവ അതിന്റെ അടയാളത്തിൽപ്പെട്ടതാണ്. തുടർന്നദ്ദേഹം അവിടെ നിന്നും അപ്രത്യക്ഷനായി. ഞാൻ അൽപനേരം അവിടെ തന്നെ ചിലവഴിച്ചു. പിന്നെ പ്രവാചകൻ ചോദിച്ചു. അല്ലയോ ഉമറേ, അതാരാണെന്ന് നിനക്കറിയുമോ?അല്ലാഹുവും അവന്റെ പ്രവാചകനും അറിയാമെന്ന് പറഞ്ഞു. അപ്പോൾ പ്രവാചകൻ പറഞ്ഞു: "നിങ്ങൾക്ക് നിങ്ങളുടെ മതം പഠിപ്പിച്ച് തരുവാൻ വേണ്ടി ജിബ്രീൽ (അ) ആകുന്നു ആ വന്നത്. (മുസ്ലിം)_

**'ഹദീസു ജിബ്രീൽ' എന്നാണ് ഈ ഹദീസ് അറിയപ്പെടുന്നത്.**

ഹദീസിലെ പാഠങ്ങൾ വിശദമായി വരും ക്ലാസുകളിൽ പഠിക്കാം, ഇൻ ശാ അല്ലാഹ്... അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

---

Deen Desk
Get it Cleared

“Learn A Dua”

---

Objectives:

1. പ്രാർത്ഥനകൾ അർഥ സഹിതം പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യൽ.

**സദസ്സ് പിരിയുമ്പോഴുള്ള പ്രാർത്ഥന**

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ، أَشْهَدُ أَنْ لَا إِلٰهَ إِلاَّ أَنْتَ، أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ

**അല്ലാഹുവേ! നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എനിക്ക് പൊറുത്തു തരുവാൻ നിന്നോട് ഞാൻ തേടുകയും, നിന്റെ മാർഗത്തിലേക്ക് ഞാൻ പശ്ചാതപിച്ചു മടങ്ങുകയും ചെയ്യുന്നു.**

നബി ﷺ പറഞ്ഞു: “അരെങ്കിലും ഒരു സദസ്സിലിരുന്ന്, അവിടെനിന്ന് എഴുന്നേൽക്കുന്നതിന് മുമ്പ് (മുകളിലെ പ്രാർത്ഥന) ചൊല്ലിയാൽ ആ സദസ്സിൽ അയാൾക്ക് സംഭവിച്ച തെറ്റുകൾ അല്ലാഹു പൊറുത്തുകൊടുക്കാതിരിക്കില്ല!” (തിർമിദി: 3433)

QURANIC CHAPTERS

1. സൂറഃ അൽ ഫാതിഹഃ - പ്രാരംഭം
2. സൂറഃ അൽ ബഖറ - പശു
3. സൂറഃ ആലു ഇംറാൻ - ഇംറാൻ കുടുംബം
4. സൂറഃ അന്നിസാഅ് - സ്ത്രീകൾ
5. സൂറഃ അൽ മാഇദ - ഭക്ഷണത്തളിക

WEEKLY TASK

**Borrow a book from the library (preferably your school library), read it, and return it**

ASSIGNMENT

**BOOK REVIEW**

*വിദ്യാർഥികൾ വായിച്ച നല്ല ഒരു പുസ്തകത്തിന്റെ അവലോകനം എഴുതി, ഫോട്ടോ എടുത്ത് ഗ്രൂപ്പിൽ ഇടുക.*